# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7380 | 17.07.2012-ൽ മറുപടിയ്ക്ക്

## പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയുള്ള പരസ്യം

ചോദ്യം

ശ്രീ.കെ.അജിത്

മറുപടി

ശ്രീ. കെ.സി.ജോസഫ്

(ഗ്രാമവികസനവും, ആസൂത്രണവും, സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് വഴി പരസ്യ ചെലവുകൾക്കായി ഓരോ വകുപ്പും ചെലവഴിച്ച തുക വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

ബി) ചെലവഴിച്ച തുകകളിൽ പത്ര ങ്ങൾ വഴിയുള്ള പരസ്യ ത്തിനും,ദൃശ്യമാദ്ധ്യമങ്ങ ളിൽക്കൂടിയുള്ള പരസ്യങ്ങ ൾക്കും, പുസ്തകങ്ങൾ, ലഘു ലേഖകൾ തുടങ്ങിയ പ്രസിദ്ധീ കരണങ്ങൾ വഴിയുള്ള പരസ്യ ങ്ങൾക്കും ചെലവഴിച്ച തുക ഓരോന്നും തരം തിരിച്ച് വ്യക്തമാക്കുമോ ?

എ) & ബി) എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖാന്തിരമാണ് നല്കുന്നത്. ഇതിൽ ടൂറിസം ഒഴികെയുള്ള വകുപ്പുകൾക്ക് തുകയും ചെലവിടുന്നത് ഈ വകുപ്പിൽ നിന്നു തന്നെയാണ്. ഓരോ വകുപ്പും ഇതിനായി പ്രത്യേകം ചെലവാക്കാറില്ല.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് വഴി പരസ്യങ്ങൾക്ക് ചെലവഴിച്ച തുക തരം തിരിച്ച് ചുവടെ ചേർക്കുന്നു.

**പത്രമാധ്യമങ്ങൾ**:- 30,92,59,873/- (മുപ്പത്കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അൻപത്തി ഒൻപതിനായി രത്തി എണ്ണൂറ്റി എഴുപത്തി മൂന്ന്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9,02,59,873/- (ഒൻപത് കോടി രണ്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിമൂന്ന്)രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസി ദ്ധീകരിച്ച പരസ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളതാണ്. ബാക്കി തുക യായ 21,90,00,000/- (ഇരുപത്തി യൊന്ന് കോടി തൊണ്ണൂറ് ലക്ഷം) രൂപ മുൻഗവൺമെന്റിന്റെ കാലത്തെ കുടി ശ്ശിക ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുമാണ്.

**ദൃശ്യമാധ്യമങ്ങൾ:-** 4,71,20,331/- (നാലുകോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപതിനായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,52,29,000/- (ഒരു കോടി അൻപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരം) രൂപ മുൻ വർഷങ്ങളിലെ കുടിശ്ശികയിനത്തിലും ബാക്കി തുകയായ 3,18,91,331/- (മൂന്ന് കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന്) രൂപ ഈ സർക്കാർ അധികാരമേറ്റശേഷമുള്ള പരസ്യയിനത്തിൽ ചെലവഴിച്ചിട്ടുള്ളതുമാണ്.

(signature)

സെക്ഷൻ ഓഫീസർ